# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.72** **26.02.2018-ൽ മറുപടിക്ക്**

## പി.എസ്.സി. പരീക്ഷ നടത്തിപ്പിലെ അപാകം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.വി.അൻവർ | പിണറായി വിജയൻ<br>മുഖ്യമന്ത്രി |

| | | | |
|---|---|---|---|
| (എ) | 27-01-2018 തീയതിയിൽ പി.എസ്.സി. നടത്തിയ എച്ച്.എസ്.എസ്.റ്റി മാത്തമാറ്റിക്സ് (ജൂനിയർ)(കാറ്റഗറി നമ്പർ 331/2017) പരീക്ഷയിലെ ക്രമക്കേട് ആക്ഷേപത്തിൻമേൽ എത്ര അപേക്ഷകളാണ് സർക്കാരിലേക്കും പി.എസ്.സി.യിലേക്കും വന്നതെന്ന് വ്യക്തമാക്കാമോ;പരാതികളുടെ പകർപ്പുകൾ ലഭ്യമാക്കുമോ; പരാതി പരിശോധിച്ച് നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ; | (എ) യും ബി) യും | പി.എസ്.സി.നടത്തുന്ന പരീക്ഷയുടെ താൽക്കാലിക ഉത്തരസൂചിക പ്രസിദ്ധീകരിക്കുന്ന തീയതി മുതൽ അഞ്ച് ദിവസംവരെയുള്ള സമയത്തിനുള്ളിൽ ഉദ്യോഗാർത്ഥികളുടെ പ്രൊഫൈൽ വഴിയാണ് പരാതികൾ സമർപ്പിക്കേണ്ടത്. ഇത്തരത്തിൽ പ്രൊഫൈൽ വഴിയും അല്ലാതെയും പരാതികൾ ലഭിച്ചിട്ടുണ്ട്. ഓരോ ചോദ്യങ്ങൾ സംബന്ധിച്ച് ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന പരാതികൾ ക്രോഡീകരിച്ച് ലഭ്യമാക്കുന്ന രീതിയിലാണ് സജ്ജീകരിച്ചിട്ടുള്ളത്. ഇതുകൂടാതെ ഉദ്യോഗാർത്ഥികൾ പല തലങ്ങളിലും പരാതിനല്കുന്നതിനാലും ഇപ്പോഴും പരാതികൾ ലഭിച്ചുകൊണ്ടിരിക്കുന്നതിനാലും ഇവയുടെ എണ്ണം കണക്കാക്കി പകർപ്പ് ലഭ്യമാക്കാൻ നിർവ്വാഹമില്ല. ലഭ്യമാകുന്ന പരാതികൾ എല്ലാം പരിശോധിച്ച് ഉചിതമായ നടപടികൾ കൈക്കൊള്ളുന്നതാണ്. |
| ബി) | എച്ച്.എസ്.എസ്.റ്റി ജൂനിയർ തസ്തികയിലേക്ക് നടന്ന പരീക്ഷകളിൽ (മലയാളം, കമ്പ്യൂട്ടർ സയൻസ്, ഗണിതം, എക്കണോമിക്സ്) ക്രമക്കേട്, ചോദ്യം പകർത്തൽ എന്നിവ സംബന്ധിച്ച് എത്ര പരാതികളാണ് ആകെ ലഭിച്ചതെന്നും ആയത് പരിശോധിക്കുമോയെന്നും വിശദമാക്കാമോ; | | |

| | | | |
|---|---|---|---|
| സി) | എച്ച്.എസ്.എസ്.റ്റി (ജൂനിയർ) മാത്തമാറ്റിക്സ് പരീക്ഷയിൽ 2014 ആഗസ്റ്റിൽ നടത്തിയ കോളജിയറ്റ് പരീക്ഷയിലെ (ക്വസ്റ്റ്യൻ പേപ്പർ കോഡ്: 121/2014) പേജ് നമ്പർ 11-ലെ 62,63,64,65,66,67,68,69,70 എന്നീ നമ്പർ ചോദ്യങ്ങൾ ഓപ്ഷൻ പോലും മാറാതെ വന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പരീക്ഷ റദ്ദാക്കാനുള്ള നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ? | സി) | പരാതി ലഭിച്ചിട്ടുണ്ട്. വിശദമായ പരിശോധനകൾക്ക് ശേഷം ഇക്കാര്യത്തിൽ പി.എസ്.സി അന്തിമ തീരുമാനം കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ